I ഇ.ബി. XII - കേരള നിയമസഭ/XVII-1

# പന്ത്രണ്ടാം കേരള നിയമസഭ

പതിനേഴാം സമ്മേളനം

# നിയമസഭാ നടപടികൾ-സംഗ്രഹം

2011 ഫെബ്രുവരി 04, വെള്ളി

പന്ത്രണ്ടാം കേരള നിയമസഭയുടെ പതിനേഴാം സമ്മേളനം 2011 ഫെബ്രുവരി **04**-ാം തീയതി വെള്ളിയാഴ്ച രാവിലെ **9.00** മണിക്ക് നിയമസഭാ ഹാളിൽ ആരംഭിച്ചു.

## ഗവർണറുടെ പ്രസംഗം

നിയമസഭാ മന്ദിരത്തിന്റെ കിഴക്കുവശത്തുള്ള പ്രധാന കവാടത്തിൽ രാവിലെ 8.55-ന് എത്തിച്ചേർന്ന ബഹുമാനപ്പെട്ട ഗവർണറെ (ശ്രീ. ആർ.എസ്. ഗവായ്) ബഹുമാനപ്പെട്ട സ്പീക്കറും നിയമസഭാ സെക്രട്ടറിയും ചേർന്ന് സ്വീകരിച്ച് നിയമസഭാ ഹാളിലേയ്ക്ക് ആനയിച്ചു. ഗവർണർ നിയമസഭാ ഹാളിൽ പ്രവേശിച്ച ഉടനെ സഭാംഗങ്ങൾ എഴുന്നേറ്റുനിന്ന് ഗവർണറെ സ്വാഗതം ചെയ്തു. തുടർന്ന് സെക്രട്ടറി, സ്പീക്കർ, ഗവർണർ, ഗവർണറുടെ പേഴ്സണൽ സ്റ്റാഫ് എന്നീ ക്രമത്തിൽ ഗവർണറെ സ്പീക്കറുടെ വേദിയിലേയ്ക്ക് ആനയിച്ചു.

ബഹുമാന്യരായ ഗവർണറും സ്പീക്കറും അദ്ധ്യക്ഷവേദിയിൽ അവരവരുടെ ഇരിപ്പിടങ്ങൾക്ക് മുന്നിലെത്തിയപ്പോൾ ദേശീയഗാനം ആലപിക്കപ്പെട്ടു.

ബഹുമാനപ്പെട്ട ഗവർണർ വേദിയിലെത്തി നിയമസഭാ സാമാജികരെ അഭിവാദ്യം ചെയ്ത് ഉപവിഷ്ടനായി. ബഹുമാനപ്പെട്ട ഗവർണർ 9.00 മണിക്ക് പ്രസംഗം ആരംഭിച്ചു.

രാവിലെ 9.20-ന് പ്രസംഗം പൂർത്തിയായി.

അതിനുശേഷം ബഹുമാനപ്പെട്ട ഗവർണർ സ്വന്തം ഇരിപ്പിടത്തിന് മുന്നിലെത്തിയപ്പോൾ വീണ്ടും ദേശീയഗാനം ആലപിക്കപ്പെട്ടു.

ദേശീയഗാനാലാപനത്തിനുശേഷം ബഹുമാനപ്പെട്ട ഗവർണറെ ബഹുമാനപ്പെട്ട സ്പീക്കർ, നിയമസഭാ സെക്രട്ടറി എന്നിവർ ചേർന്ന് നിയമസഭാ മന്ദിരത്തിന്റെ പ്രധാന കവാടത്തിലേയ്ക്ക് അനുഗമിച്ച് യാത്രയാക്കി.

ഗവർണറെ യാത്രയാക്കിയശേഷം ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ യോഗം തുടർന്നു.  ബഹുമാനപ്പെട്ട സ്പീക്കറുടെ നിർദ്ദേശാനുസരണം ബഹുമാനപ്പെട്ട ഗവർണ്ണറുടെ പ്രസംഗത്തിന്റെ കോപ്പികൾ നിയമസഭാ സാമാജികർക്കും പത്രപ്രവർത്തകർക്കും വിതരണം ചെയ്തു.

ഗവർണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തിന്മേലുള്ള ചർച്ച 2011 ഫെബ്രുവരി 7, 8, 9 എന്നീ തീയതികളിൽ നടക്കുന്നതാണെന്നും പ്രമേയത്തിന് ഭേദഗതികൾ നൽകാൻ ഉദ്ദേശിക്കുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അതിനുള്ള നോട്ടീസ് 2011 ഫെബ്രുവരി 5-ാം തീയതി ശനിയാഴ്ച ഉച്ചയ്ക്കുശേഷം 3.00 മണിക്ക് മുമ്പ് നിയമസഭാ സെക്രട്ടറിയെ ഏൽപ്പിക്കേണ്ടതാണെന്നും ബഹുമാനപ്പെട്ട സ്പീക്കർ സഭയെ അറിയിച്ചു.

സഭ രാവിലെ 9.30-ന് പിരിഞ്ഞു.